(ഇ) ഫാർമസിസ്റ്റുകളുടെ അടിസ്ഥാന യോഗ്യത ബി.ഫാം ആക്കുമ്പോൾ എം.ഫാം യോഗ്യതയുള്ളവർക്ക് ജോലി സാദ്ധ്യത കൂടുതൽ ഉണ്ടാകുമെന്നു കരുതുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) 2001 മുതൽ ഡി.ഫാം കോഴ്സ് നിറുത്തി പകരം ഡി.ഫാം അടിസ്ഥാനയോഗ്യതയാക്കാൻ ഇൻഡ്യൻ ഫാർമസി കൗൺസിൽ ആലോചിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)-(ഡി) ഫാർമസിയിൽ ഏതു പുതിയ കോഴ്സുകളും പുതിയ കോഴ്സും തുടങ്ങുന്നതിന് എ.ഐ.സി.ടി.ഇ.യുടെ അനുവാദം ആവശ്യമാണ്.

(ഇ) ഫാർമസിസ്റ്റുകളുടെ അടിസ്ഥാന യോഗ്യത ബിരുദമായി മാറുമ്പോൾ പ്രസ്തുത കോഴ്സ് പഠിപ്പിക്കുന്നതിന് ബിരുദാനന്തര ബിരുദധാരികൾ വേണമെന്ന് നിബന്ധന ഉണ്ടായാൽ ജോലി സാദ്ധ്യത കൂട്ടിയേക്കാം.

ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി വിഭാഗം

168 (879)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി വിഭാഗം സംസ്ഥാനത്തെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) ഈ വർഷം ഏതെങ്കിലും മെഡിക്കൽ കോളേജിൽ ഈ വിഭാഗം ആരംഭിക്കുമോ; എങ്കിൽ എവിടെയെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ ഫാർമസി സംവിധാനം വികസിപ്പിക്കുന്നതിനും മറ്റ് മെഡിക്കൽ കോളേജിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും വേണ്ടി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) മറ്റ് മെഡിക്കൽ കോളേജുകളിൽ ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി വിഭാഗം ആരംഭിക്കുന്നതിനെപ്പറ്റി വിശദമായി പഠിക്കാൻ ഏകാംഗകമ്മീഷനെ നിയമിച്ചിരുന്നോ; എങ്കിൽ ആരെയാണ് നിയമിച്ചത്; പ്രസ്തുത കമ്മിഷന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ഇ) പ്രസ്തുത റിപ്പോർട്ടിൻമേൽ ഇതിനോടകം എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(എഫ്) കോട്ടയം മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി വിഭാഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമേ നിലവിലുള്ളൂ.

(ബി) കോട്ടയം മെഡിക്കൽ കോളേജിൽ ഈ സാമ്പത്തികവർഷം ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി തുടങ്ങുന്നത് പരിശോധനയിലാണ്.

(സി) ഇക്കാര്യത്തിൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) നിയമിച്ചിരുന്നു. കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ.മദൻമോഹനനെയാണ് നിയമിച്ചിരുന്നത്. പ്രസ്തുത കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) ഈ വിഭാഗത്തിന്റെ വികസനത്തിനായി 1999-2000 വർഷത്തിൽ 15 ലക്ഷം(പതിനഞ്ചു ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്)ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഫാർമസി വിദ്യഭ്യാസം

169 (880)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി വിദ്യാഭ്യാസ രംഗത്ത് 2001-ാ മാണ്ടോടെ അടിസ്ഥാന പരമായ എന്തെങ്കിലും മാറ്റം വരുത്താൻ ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിൽ ഇപ്പോൾ ബി. ഫാം, എം.ഫാം കോഴ്സുകൾക്ക് അഡ്മിഷൻ നൽകുന്നുണ്ട്;

(ഡി) എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് ഓരോ കോഴ്സിലും ഓരോ സ്ഥാപനത്തിലും വർഷം തോറും അഡിമിഷൻ നൽകുന്നത്;

(ഇ) ഏതൊക്കെ വിഷയങ്ങളിലാണ് സംസ്ഥാനത്ത് ഇപ്പോൾ എം.ഫാം കോഴ്സുകൾ നിലവിലുള്ളത്;

(എഫ്)ഓരോ വിഷയത്തിലും എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് അഡ്മിഷൻ നൽകുന്നത്;

(ജി) നടപ്പ് സാമ്പത്തികവർഷം ഏതൊക്കെ സ്ഥാപനങ്ങളിൽ ബി. ഫാം, എം.ഫാം കോഴ്സുകൾ ആരംഭിക്കുവാൻ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകക്കൊള്ളിച്ചിട്ടുണ്ട്;

(എച്ച്) മെഡിസിനൽ കെമിസ്ട്രിയിൽ എം.ഫാം കോഴ്സ് ആരംഭിക്കുന്നതിന് 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിച്ചിരുന്നുവോ; എങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക ഉൾക്കൊള്ളിച്ചിരുന്നത്?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly